ഉത്തരം

(എ&ബി) ശ്രീ. ടി. ഒ. സൂരജ് ഐ.എ.എസ്., പൊതുമരാമത്ത് സെക്രട്ടറി ആയിരിക്കെ, വിവിധ പണികൾക്ക് അനുമതി നൽകിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഒരു സത്വരാന്വേഷണവും (കൃ.വി.2/2015/എസ്.സി.ടി.), ടിയാൻ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചു എന്നതുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് കേസും (വി.സി. 9/14/എസ്.സി.ഇ.) നിലവിലുണ്ട്. ആയതിന്മേലുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണം പുരോഗമിക്കുന്നു.

(സി&ഡി) പ്രസ്തുത സത്വരാന്വേഷണവും വിജിലൻസ് കേസും അന്വേഷണ ഘട്ടത്തിലാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ കൂടുതൽ വിവരങ്ങൾ അറിയാൻ കഴിയൂ.

നാഷണൽ ഹൈവേകളുടെ വികസനം

283 (1327) ശ്രീ. എ. എ. അസീസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എതൊക്കെ നാഷണൽ ഹൈവേകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത് എന്ന് അറിയിക്കാമോ ;

(ബി) ഓരോന്നിന്റെയും പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ദേശീയപാത 47-ലെ മണ്ണുത്തി മുതൽ അങ്കമാലിവരെ 4 വരിപ്പാതയാക്കുന്നതും അങ്കമാലി മുതൽ ഇടപ്പള്ളി വരെ നവീകരണം നടത്തുന്നതും പൂർത്തിയാക്കിയിട്ടുണ്ട്. വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെ 6 വരി പാതയാക്കുന്ന പ്രവൃത്തികളും വാളയാർ മുതൽ വടക്കഞ്ചേരി വരെ നാവുവരിപ്പാതയാക്കുന്ന പ്രവൃത്തികളും പുരോഗമിച്ചുവരുന്നു. ദേശീയ പാതയുടെ ഭാഗമായുള്ള വിവിധ ബൈപ്പാസുകളുടെ വികസനത്തിനായി കേന്ദ്രസർക്കാർ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ബൈപ്പാസ് പൂർണ്ണമായും കേന്ദ്രസഹായത്തോടുകൂടി വികസിപ്പിക്കുന്നതിന് നടപടികൾ പുരോഗമിച്ചുവരുന്നു. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണത്തിനായി 50% കേന്ദ്ര സഹായം ലഭിക്കുന്നതാണ്. മറ്റു ദേശീയപാതകളുടെ വികസനം ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ കേന്ദ്രസർക്കാർ സമ്മതിച്ചിട്ടുണ്ട്. മറ്റ് ദേശീയപാതകളായ എൻ. എച്ച് 208, എൻ.എച്ച് 49, എൻ.എച്ച് 220, എൻ. എച്ച് 213 എന്നിവയുടെ വിവിധ ഭാഗങ്ങൾ വികസിപ്പിക്കുന്നതിന് 2014-15 വർഷത്തെ കേന്ദ്രപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly